I ഇ.ബി. XIV - കേരള നിയമസഭ/II-9

**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2016 ഒക്ടോബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **വ്യക്തിപരമായ വിശദീകരണം**

മന്ത്രിസ്ഥാനം രാജിവയ്ക്കാനിടയായ സാഹചര്യം

ശ്രീ. ഇ. പി. ജയരാജൻ : കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തുംമൂലം വ്യവസായ മേഖലയാകെ തകർന്നുകിടന്ന അവസ്ഥയിൽ ഞാൻ വ്യവസായ വകുപ്പുമന്ത്രിയായി ചുമതലയേൽക്കുകയും പ്രശ്നങ്ങൾ പഠിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. പൂട്ടിക്കിടന്ന മലബാർ സിമെന്റ്സിനെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും ട്രാവൻകൂർ

കൊച്ചിൻ കെമിക്കൽസിനെ തകർക്കാനുള്ള നീക്കത്തിനെതിരെയും ശക്തമായ നടപടി സ്വീകരിച്ചു. കെ.എം.എം.എൽ.-നോട് അനുബന്ധമായി കിടന്നിരുന്ന 150 ഏക്കർ സ്ഥലത്ത് അഡീഷണലായി ഒരു യൂണിറ്റ് ആരംഭിച്ച് കരിമണൽ സംരക്ഷിക്കുന്നതിനും കിൻഫ്രയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ കുത്തകകൾ കയ്യടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന അലിൻഡിനെ ഏറ്റെടുക്കാനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള തയ്യാറെടുപ്പുകൾ വ്യവസായ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. കൈത്തറി, ഖാദി മേഖലകളിൽ നടക്കുന്ന കെടുകാര്യസ്ഥതയ്ക്കെതിരെയും ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണൽ മാനേജ്മെന്റിനെ കൊണ്ടുവരാനാണ് ശ്രമിച്ചത്. റിയാബ് തയ്യാറാക്കിയ പാനലിന്റെ അടിസ്ഥാനത്തിൽ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളെ നിയമിച്ചിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാരെ നിയമിക്കുന്നതിന് അപ്പോയിന്റ്മെന്റ് മാന്വൽ നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാരിന് ആരെ വേണമെങ്കിലും നിശ്ചയിക്കാം. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ പ്രൊവിഷൻ പ്രകാരം വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. മുൻസർക്കാർ നിയമിച്ച സിഡ്കോയുടെ

എം.ഡി.-യെ സംബന്ധിച്ച് നിരവധി അഴിമതിയാരോപണങ്ങൾ ഉയർന്നിട്ടും അദ്ദേഹത്തെ സംരക്ഷിക്കുന്ന നിലപാടാണ് അന്നത്തെ സർക്കാർ സ്വീകരിച്ചത്. ഉന്നതമായ മൂല്യങ്ങൾ മുൻനിർത്തിയാണ് വ്യവസായ വകുപ്പുമന്ത്രി സ്ഥാനം രാജി വച്ചത്. വ്യവസായമേഖലയെ തകർക്കാൻ ശ്രമിക്കുന്ന മാഫിയാസംഘങ്ങൾക്കു വേണ്ടിയാണ് ദൃശ്യമാധ്യമങ്ങൾ നിലകൊള്ളുന്നത്. കെ.എസ്.ഐ.ഇ.-യിലെ എം.ഡി. നിയമനം നിയമവിധേയമായാണ് നടത്തിയിട്ടുള്ളത്. ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടിത്തരണമെന്ന് അപേക്ഷിച്ചപ്പോൾത്തന്നെ പ്രസ്തുത നിയമനം റദ്ദ് ചെയ്തു. ഇക്കാര്യത്തിൽ ചട്ടത്തിന്റെയും കീഴ്വഴക്കങ്ങളുടെയും യാതൊരു ലംഘനവുമുണ്ടായിട്ടില്ല. കണ്ണൂരിലെ ക്ലേ ആന്റ് സെറാമിക്സ് പൂട്ടിക്കിടക്കുന്ന സാഹചര്യത്തിൽ കമ്പനിയിലെ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനായി പുതിയ സംവിധാനം ഏർപ്പെടുത്തുകയും പ്രാദേശികമായി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നിയമങ്ങളെല്ലാം പാലിച്ച് മൂന്നുമാസത്തെ ലീവ് വേക്കൻസിയിലാണ് മാനേജരെ നിയമിച്ചത്. ജനാധിപത്യത്തിന്റെ ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി ഞാൻ രാജിസന്നദ്ധത അറിയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജി സമർപ്പിക്കാനുള്ള അനുവാദം നൽകുകയും ചെയ്തു. വ്യവസായത്തെ സംരക്ഷിക്കാൻവേണ്ടിയാണ് പോരാടിയിട്ടുള്ളത്. വ്യവസായമേഖലയെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന

മാഫിയകൾക്കെതിരെ ഇനിയും പോരാടുകയും പ്രവർത്തിക്കുകയും ചെയ്യും. ബാഹ്യശക്തികൾക്ക് വ്യവസായമേഖലയിൽ കൈകടത്താൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ച എന്ന അഭിമാനത്തോടുകൂടി മന്ത്രിസ്ഥാനം രാജിവച്ച എന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു.

## II **അടിയന്തരപ്രമേയം**

### പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

മി. സ്പീക്കർ: രണ്ട് അടിയന്തരപ്രമേയങ്ങൾക്കുള്ള നോട്ടീസുകളാണ് ഇന്ന് ലഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനും സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. എം. മാണിയും നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൽ ആദ്യം പരാമർശിച്ച പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർണ്ണായക സ്ഥാനങ്ങളിൽ നിയമങ്ങളും ചട്ടങ്ങളും മറികടന്നുകൊണ്ട് ബന്ധുക്കളെ നിയമിച്ചുവെന്ന് കുറ്റസമ്മതം നടത്തി വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ രാജിവയ്ക്കാൻ ഇടയായ സാഹചര്യവും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ പങ്കിനെപ്പറ്റിയും സംശയം

ഉയർന്നിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, സി. മമ്മൂട്ടി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

III ക്രമപ്രശ്നം

അടിയന്തര പ്രമേയത്തിന് അനുവാദം നൽകുന്നതു സംബന്ധിച്ച്

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): റൂൾ 52 (V) പ്രകാരം പ്രമേയത്തിൽ അഭ്യൂഹങ്ങളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലായെന്ന് പറയുന്നതിനാൽ അടിയന്തരപ്രമേയത്തിന് അനുവാദം നൽകുന്നത് ചട്ടപ്രകാരമല്ല.

റൂളിംഗ്

മി. സ്പീക്കർ: റൂൾ 52 (V) -ൽ പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗികനിലയിലോ പൊതുകാര്യനിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തേയോ നടപടികളേയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു എന്നുള്ളത്

നോട്ടീസ് നൽകിയ അംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു. എന്നിരുന്നാലും നിലവിലുണ്ടായ പൊതുവായ കാര്യങ്ങളെ സംബന്ധിച്ച് നോട്ടീസിൽ പരാമർശിച്ചിരിക്കുന്നതിനാൽ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളെക്കുറിച്ച് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജൻ പ്രസ്താവന നടത്തിക്കഴിഞ്ഞു. മുൻഗവൺമെന്റിന്റെ കാലത്തേതുൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്ന നിയമനങ്ങളെ സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് വിജിലൻസ് വകുപ്പിനും വിജിലൻസ് കോടതിക്കും പരാതി ലഭിച്ചിട്ടുണ്ട്. വിവാദത്തിന്റെ പശ്ചാത്തലത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല തസ്തികകളിലെ നിയമനങ്ങൾ സംബന്ധിച്ച് മന്ത്രിസഭ ചർച്ച ചെയ്യുകയും പ്രസ്തുത നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി. പ്രസ്തുത നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കുവാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നത തസ്തികകളിൽ ദേശീയതലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താനും

സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമനിർമ്മാണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ 15 (1) വകുപ്പുപ്രകാരം ബോർഡ് ഓഫ് ഡയറക്ടേഴ്സിൽനിന്നും ഒരു വ്യക്തിയെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്നതിനുള്ള പൂർണ്ണാധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. റൂൾസ് ഓഫ് ബിസിനസ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനാധികാരം ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കായതിനാൽ മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് വരേണ്ടതില്ല. അതിനാൽ മുഖ്യമന്ത്രിയുടെ അറിവോടെയാണ് നിയമനങ്ങൾ നടന്നതെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: അഴിമതിക്കെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ച് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലായി 17 നിയമനങ്ങൾ നടത്തിയിട്ടുള്ളതിൽ റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്ത ലിസ്റ്റിൽ നിന്നും ആറുപേരെ മാത്രമാണ് നിയമിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കുന്നവരെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തി അംഗീകാരം വാങ്ങണമെന്നുള്ള 2001-ലെ ഗവൺമെന്റ് ഉത്തരവ് നിലവിലുള്ള സാഹചര്യത്തിൽ വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ഈ നിയമനങ്ങളിൽ പങ്കുണ്ടെന്നാണ് വെളിവാകുന്നത്. അതിനാൽ

മുഖ്യമന്ത്രിയെക്കൂടി വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ആരോപണവിധേയനായ വകുപ്പുമന്ത്രി തന്നെ കുറ്റസമ്മതം നടത്തിയിട്ടും വിജിലൻസ് എഫ്.ഐ.ആർ എടുത്ത് കേസ് രജിസ്റ്റർ ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. വ്യവസായ വകുപ്പ് അടക്കമുള്ള വിവിധ വകുപ്പുകളിൽ നടത്തിയ ബന്ധുനിയമനങ്ങൾ സംബന്ധിച്ച് ഞെട്ടിക്കുന്ന വാർത്തകളാണ് മാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുള്ളത്. 125 ദിവസം നീണ്ട ഈ ഭരണത്തിൻകീഴിൽ എല്ലാ വകുപ്പുകളിലും നടന്ന പിൻവാതിൽ നിയമനങ്ങളെക്കുറിച്ചും അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം. ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങൾ സംരക്ഷിക്കുകയെന്ന നിലയിലാണ് സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള വഴിവിട്ട നീക്കങ്ങൾ ഉണ്ടാകാൻ പാടില്ലെന്നുതന്നെയാണ് സർക്കാരിന്റെ നയം. ഒരു പ്രത്യേക വിഭാഗത്തിന് പ്രത്യേക പരിരക്ഷ നൽകുന്ന തരത്തിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. വിജിലൻസ് പരിശോധനയ്ക്ക് വിധേയമായിട്ടുതന്നെയാണ് കെ.എസ്.ഐ.ഇ.-ൽ നിയമനം നടത്തിയിരിക്കുന്നത്. വിജിലൻസ് പരിശോധന നടത്തി ഉന്നത നിയമനങ്ങൾ നടത്തുക എന്നതാണ്

സർക്കാരിന്റെ നയം. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച് മുഖ്യമന്ത്രി അറിയണമെന്നില്ല. കീഴ്വഴക്കമെന്ന നിലയിൽ പല നിയമനങ്ങളും സംബന്ധിച്ച് മുഖ്യമന്ത്രിയെ അറിയിക്കുമെങ്കിലും സാധാരണ നിലയിൽ നിയമനാധികാരം ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കാണ്. ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ അറിവോടെയല്ലാതെ വകുപ്പുതന്നെ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രശ്നം ഉയർന്നുവന്നപ്പോൾതന്നെ മുഖ്യമന്ത്രി അതിലിടപെടുകയും കൂട്ടായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുമെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും വ്യവസായ വകുപ്പുമന്ത്രി മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാജിസന്നദ്ധത പ്രകടിപ്പിച്ചപ്പോൾ സർക്കാർ അതിനോട് യോജിക്കുകയുമാണ് ഉണ്ടായത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

<u>ശ്രീ. കെ. എം. മാണി</u>: വ്യവസായ പുന:സംഘടനാ ബോർഡിന്റെ

ശിപാർശയോടുകൂടി മാത്രമേ പബ്ലിക് സെക്ടറിൽ നിയമനങ്ങൾ നടത്താവൂ എന്നിരിക്കെ ബോർഡ് തയ്യാറാക്കിയ 39 പേരുടെ ലിസ്റ്റിൽ നിന്നാണോ 17 പേർക്ക് നിയമനം നൽകിയതെന്ന് പരിശോധിക്കണം. നടപടിക്രമങ്ങൾ പാലിക്കാതെ നിയമവിരുദ്ധമായ നിയമനങ്ങളാണ് വ്യവസായ വകുപ്പിൽ നടത്തിയിട്ടുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിലുള്ള പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടുതന്നെ ഞാനും എന്റെ കക്ഷിയും ഇവിടെത്തന്നെ ഇരിക്കുകയാണ്.

## IV ശ്രദ്ധക്ഷണിക്കൽ

(1) <u>ഗൾഫ് രാജ്യങ്ങളിൽ എത്തപ്പെടുന്ന സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: എയർപോർട്ട് എമിഗ്രേഷൻ ഉദ്യോഗസ്ഥരുടെ സഹായത്തോടെ തൊഴിൽ വിസയെന്ന പേരിൽ വിസിറ്റിംഗ് വിസ നൽകി ഇവിടെ നിന്നും സ്ത്രീകളെ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുകയും അവിടെ നിന്നും മറ്റ് വിദേശ നാടുകളിലേയ്ക്ക് കടത്തുകയും ചെയ്യുന്ന വിവിധ റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യാജ പാസ്പോർട്ടും വിസയുമായി വിദേശ രാജ്യങ്ങളിൽ എത്തപ്പെടുന്ന ഇവർക്ക് ഇക്കാര്യം ബന്ധപ്പെട്ട എംബസികളെ അറിയിക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല, ഒട്ടേറെ ചൂഷണങ്ങളും ദുരിതങ്ങളും അനുഭവിക്കേണ്ടതായും വരുന്നുണ്ട്. വ്യാജ വിസയും

പാസ്പോർട്ടുമായി ഗൾഫ് രാജ്യങ്ങളിലെത്തി വിവിധ റാക്കറ്റുകളിൽ കുടുങ്ങി ഇത്തരത്തിൽ ചൂഷണത്തിനിരയായവരുടെ പേരുവിവരങ്ങളും പരാതികളും ലഭിച്ചിട്ടും അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വിദേശത്ത് തൊഴിൽ തേടിയെത്തുന്ന മലയാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നിലവിൽവന്ന ഇ-മൈഗ്രേഷൻ നിയമം ഫലപ്രദമായി നടപ്പിലാക്കാനും അനധികൃത മനുഷ്യക്കടത്ത് നടത്തുന്ന റാക്കറ്റുകളെ പിടികൂടി കർശനമായ നിയമ നടപടികൾ സ്വീകരിക്കാനും ഇത്തരം കേസുകളിൽ തുടരന്വേഷണം നടത്താനും എംബസിയുമായി ആലോചിച്ച് ഹെൽപ്പ് ഡെസ്ക് ആരംഭിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2015 മാർച്ച് മാസം മുതൽ കേന്ദ്ര സർക്കാർ നോർക്ക റൂട്ട്സിനെയും ഒഡേപെക്കിനേയും നഴ്സിംഗ് റിക്രൂട്ട്മെന്റ് ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 12.08.2016-ലെ ഉത്തരവ് പ്രകാരം എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 18 രാജ്യങ്ങളിലേയ്ക്ക് ഫീമെയിൽ വർക്കർമാരെ റിക്രൂട്ട് ചെയ്യുന്നതിന് നോർക്ക റൂട്ട്സിനും, ഒഡേപെക്കിനും പുറമെ ഇതര സംസ്ഥാനങ്ങളിലെ നാല് ഏജൻസികൾ വഴി മാത്രമായി നിയന്ത്രിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി

ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സ് വകുപ്പിന്റെ അംഗീകാരമില്ലാത്ത പല സ്വകാര്യ ഏജൻസികളും വ്യാജ വാഗ്ദാനങ്ങൾ നൽകി വൻ തുക ഈടാക്കി നിർധനരായ കേരളീയ സ്ത്രീകളെ വിദേശ രാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോയി പലവിധ ചൂഷണങ്ങൾക്ക് വിധേയരാക്കുന്നുവെന്നുള്ള പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അവരെ നാട്ടിലേയ്ക്ക് കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് അനധികൃത റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ വിദേശങ്ങളിലെത്തപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. മനുഷ്യക്കടത്ത് തടയുന്നതിനായി സംസ്ഥാന പോലീസ്, കേന്ദ്ര വിദേശകാര്യ വകുപ്പ്, വിവിധ കേന്ദ്ര അന്വേഷണ ഏജൻസികൾ, ബ്യൂറോ ഓഫ് എമിഗ്രേഷൻ എന്നിവ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ മാധ്യമങ്ങൾ മുഖേന വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവ സംബന്ധിച്ചും വിവിധ രാജ്യങ്ങളിൽ കുടിയേറിപ്പാർക്കുന്നവർക്ക് അതത് രാജ്യങ്ങളിലെ നിയമവ്യവസ്ഥകളെക്കുറിച്ചുമുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. മനുഷ്യക്കടത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും മനുഷ്യക്കടത്തിനിരയാകുന്ന സ്ത്രീകളുടെ

പുനരധിവാസത്തിനുമായി ഐ.ജി. നോഡൽ ഓഫീസറായി രണ്ടംഗ നോഡൽ സെല്ലും ഡി.സി.ആർ.ബി. ഡിവൈ.എസ്.പി. നോഡൽ ഓഫീസറായി ജില്ലാതല ആന്റി ഹ്യൂമൻ ട്രാഫിക് യൂണിറ്റുകളും രൂപീകരിച്ച് ജില്ലാതലത്തിൽ സ്വീകരിക്കുന്ന നടപടികളുടെയും രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും തത്സമയ വിവരങ്ങൾ ക്രോഡീകരിച്ച് വിലയിരുത്തുന്നതിനും സ്റ്റേറ്റ് നോഡൽ ഓഫീസർ മുഖാന്തിരം കേന്ദ്ര ആഭ്യന്തര വകുപ്പിനേയും നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയെയും അറിയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത റിക്രൂട്ട്മെന്റിലൂടെ വിവിധ രാജ്യങ്ങളിൽ അകപ്പെട്ടുപോയവരെ തിരികെയെത്തിക്കുന്നതിനായി കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (2)<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

<u>ശ്രീ. അൻവർ സാദത്ത്</u>: കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. 30.09.2016-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് പ്രകാരം നിലവിലുള്ള അപകട ഇൻഷ്വറൻസ്

പദ്ധതിയിൽ രോഗംമൂലം ബുദ്ധിമുട്ടുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്നതിനും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എന്നത് മാറ്റി ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ ഏതൊരു കുട്ടിയുടെയും മാതാപിതാക്കൾ മരണപ്പെട്ടാൽ ആ കുട്ടിയുടെ പേരിൽ 50,000 രൂപ സ്ഥിരനിക്ഷേപമായി നൽകുന്നതിനും ഗവൺമെന്റ് മുൻകയ്യെടുത്തുകൊണ്ട് സ്പോൺസർമാരുടെ സഹായത്തോടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി 30.09.2016-ലെ ഉത്തരവ് പ്രകാരം അപകട ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയാണ് നൽകിവരുന്നത്. സൗജന്യ ചികിത്സ എന്ന പദ്ധതി കൂടി ഉൾപ്പെടുത്തിയാണ് അപകട ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. ആരോഗ്യ രംഗത്ത് ഇൻഷ്വറൻസ് കമ്പനിയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനാർഹമല്ല.

## V സബ്മിഷൻ

### (1) പ്രവർത്തന മേഖല വ്യാപിപ്പിക്കൽ

ശ്രീ. കെ. ജെ. മാക്സി: ഫോർട്ട് കൊച്ചി ഫയർ & റെസ്ക്യൂ നിലയത്തിന്റെ പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ പരിശീലന കേന്ദ്രമായ ഫോർട്ട് കൊച്ചി ട്രെയിനിംഗ് സ്കൂളിലെ പരിശീലന പരിപാടികൾ കേരള ഫയർ സർവ്വീസസ് അക്കാദമി നിലവിൽ വന്നതുമുതൽ തൃശ്ശൂരിലേയ്ക്ക് മാറ്റിയിരുന്നുവെങ്കിലും ഫോർട്ട് കൊച്ചി മേഖലയിലെ വിദേശ ടൂറിസ്റ്റുകളുടെയും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെയും സജീവ സാന്നിദ്ധ്യം കണക്കിലെടുത്ത് മട്ടാഞ്ചേരി അഗ്നിരക്ഷാ നിലയത്തിൽനിന്നും ഒരു ഫയർ ടെണ്ടറിനെയും അഗ്നിശമന സേനാവിദഗ്ദ്ധരെയും രക്ഷാപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് സജ്ജമാക്കി ഫോർട്ട് കൊച്ചി സ്കൂളിൽ നിർത്തിയിട്ടുണ്ട്. മട്ടാഞ്ചേരി അഗ്നിരക്ഷാനിലയം ഉള്ളതിനാൽ ഫോർട്ട് കൊച്ചിയിൽ വീണ്ടുമൊരു നിലയത്തിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

(2) അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂർ പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട അബ്ദുൽ ലത്തീഫിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനും ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വണ്ടൂർ പോലീസ് സ്റ്റേഷനിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട അബ്ദുൽ ലത്തീഫിന്റെ മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ഇതുസംബന്ധിച്ച അന്വേഷണം നടത്തുന്നതിന് മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയും കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ വണ്ടൂർ എസ്.ഐ.-യെയും രണ്ട് സി.പി.ഒ.-മാരെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) കൊച്ചിൻ റിഫൈനറിയിലെ വാതകചോർച്ച

ശ്രീ. വി. പി. സജീന്ദ്രൻ: കൊച്ചിൻ റിഫൈനറിയിലെ വാതകചോർച്ചമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ഭയാശങ്കകൾ അകറ്റുന്നതിനും ഗവൺമെന്റുതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 20.09.2016-ന് അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുഴിക്കാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ പരിസരത്തുണ്ടായ രൂക്ഷഗന്ധത്തെത്തുടർന്ന്

ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട സ്കൂൾ കുട്ടികളെ ആശുപത്രിയിലെത്തിക്കുകയും മനുഷ്യജീവന് അപായകരമായ രീതിയിൽ അന്തരീക്ഷ മലിനീകരണമുണ്ടാക്കിയതിന് അമ്പലമേട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. സ്കൂൾ പരിസരത്ത് എഫ്.എ.സി.റ്റി., ബി.പി.സി.എൽ. എന്നീ കമ്പനികൾ സ്ഥിതി ചെയ്യുന്നതിനാൽ വാതകച്ചചോർച്ച ഏത് കമ്പനിയിൽനിന്നാണുണ്ടായതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടില്ലാത്തതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും സഹായം തേടിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി വാതക നിർഗമന കുഴൽ സ്ഥിരമായി അടച്ചിട്ടുണ്ട്. അമ്പലമുകളിലെ സ്കൂൾ മാറ്റിസ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (4) റീ-സർവ്വേ അപാകതകൾക്ക് പരിഹാരം

ശ്രീ. ഡി. കെ. മുരളി: വാമനപുരം നിയോജകമണ്ഡലത്തിലെ കുറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കുറുപുഴ വില്ലേജിലെ റീ-സർവ്വേ റിക്കാർഡുകൾ 01.02.2014-ന് റവന്യൂ വകുപ്പിന്

കൈമാറുകയും 3625 പരാതികൾ ലഭിച്ചതിൽ 1503 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ രണ്ട് സർവ്വേയർമാരുടെ സേവനം ഇതിനായി വിനിയോഗിച്ചുവരുന്നു. കുറുപുഴ വില്ലേജ് ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ വിവിധ താലൂക്കുകളുടെ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിനും കയ്യേറ്റം കണ്ടുപിടിക്കുന്നതിനുമായി 44 സർവ്വേയർമാരുടെ സേവനം ലഭ്യമാക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനെത്തുടർന്ന് വേണ്ടത്ര ജീവനക്കാരെ അടിയന്തരമായി വിട്ടുനൽകുന്നതിന് സർവ്വേ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറുപുഴ വില്ലേജിലെ റീ-സർവ്വേ അപാകതകൾ സംബന്ധിച്ച പരാതികൾ തരംതിരിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

### (5) ദുരന്തനിവാരണസേനയ്ക്ക് സ്ഥിരം യൂണിറ്റ്

ശ്രീ. ഇ. കെ. വിജയൻ: കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ പശുക്കടവിൽ പ്രകൃതിദുരന്തനിവാരണസേനയുടെ സ്ഥിരം യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരളത്തിൽ കേന്ദ്ര ദുരന്ത പ്രതികരണസേനയുടെ ഒരു പ്രാദേശിക ദുരന്ത പ്രതികരണ കേന്ദ്രം എറണാകുളത്ത് സ്ഥാപിക്കാനാണ് സ്ഥലം

അനുവദിച്ചിരിക്കുന്നത്. നിലവിൽ 47 പേരടങ്ങുന്ന ഒരു സംഘം തൃശ്ശൂർ ജില്ലയിലെ സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണസേനയുടെ പരിശീലന കേന്ദ്രത്തിൽ തങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്. അതിനാൽ മറ്റൊരു കേന്ദ്രം സ്ഥാപിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. കേരളത്തേക്കാൾ ദുരന്തസാധ്യതയുള്ള സംസ്ഥാനങ്ങളിൽപ്പോലും കേന്ദ്രസേനയുടെ ഒരു പ്രാദേശിക ദുരന്ത പ്രതികരണ കേന്ദ്രമാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണസേനയുടെ പരിശീലന കേന്ദ്രം തൃശ്ശൂർ ജില്ലയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പശുക്കടവ് മേഖലയിലെ പഞ്ചായത്ത് കമ്മിറ്റി ശിപാർശ ചെയ്യുന്ന സന്നദ്ധപ്രവർത്തകർക്കും പഞ്ചായത്തുകളിലും സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ പരിശീലനം നൽകുന്നതും പഞ്ചായത്തിൽ പഞ്ചായത്തുതല ദുരന്ത നിവാരണ കമ്മിറ്റി രൂപീകരിക്കാൻവേണ്ട സാങ്കേതിക സഹായം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവ മുഖാന്തിരം നൽകുന്നതും പരിശോധിക്കുന്നതാണ്.

## (6) <u>നഷ്ടപരിഹാരം</u>

<u>ശ്രീ. കെ. എം. ഷാജി</u>: കണ്ണൂർ ജില്ലയിലെ പൊടിക്കുണ്ടിലുണ്ടായ സ്ഫോടനത്തിൽ നാശനഷ്ടങ്ങളുണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന്

അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 24.03.2016-ൽ കണ്ണൂർ ജില്ലയിലെ രാജേന്ദ്രനഗർ കോളനിക്കുസമീപം വീട്ടിൽ സൂക്ഷിച്ചിരുന്ന പടക്കം പൊട്ടിയതിനെത്തുടർന്ന് പരിക്കേറ്റവർക്ക് ധനസഹായവും വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരവും നൽകുന്നതിനായി ജില്ലാ കളക്ടർ കണക്കാക്കിയിട്ടുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി അനുവദിക്കാൻ തീരുമാനിച്ചിരുന്നു. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുള്ള സമയത്തെ ഫയലുകൾ പരിശോധിക്കാൻ നിയോഗിച്ച കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും പ്രസ്തുത അപകടത്തിനിരയായവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. വീട്ടിൽ സൂക്ഷിച്ചിരുന്ന പടക്കംപൊട്ടിയാണ് ദുരന്തം സംഭവിച്ചിട്ടുള്ളത് എന്നതിനാലും ഈ അപകടം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ലാത്തതിനാലും ഇതൊരു സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്ററായി അംഗീകരിച്ചിട്ടില്ലാത്തതിനാലും അപകടത്തിൽപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നോ ദേശീയ ദുരന്ത പ്രതികരണനിധിയിൽനിന്നോ സാമ്പത്തിക സഹായം നൽകാൻ കഴിയുന്നതല്ല. തുടർന്ന് പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസനിധിയിൽനിന്നും മാനദണ്ഡങ്ങൾക്കുവിധേയമായി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(7) ഭക്ഷ്യോത്പന്നങ്ങളുടെ വിപണനം തടയൽ

ശ്രീ. പി. കെ. ശശി: ആരോഗ്യത്തിനും ജീവനും ഭീഷണിയായ ഭക്ഷ്യോത്പന്നങ്ങളുടെ വിപണനം തടയുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പാകം ചെയ്യാതെ കഴിക്കുന്നതും ഹോട്ടലുകളിലും മറ്റും പാകം ചെയ്ത് വിൽക്കുന്നതുമായ ഭക്ഷ്യവസ്തുക്കൾ മായമില്ലാത്തതും ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമാണെന്ന് ഉറപ്പുവരുത്തണമെന്ന് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് പരിശോധനയ്ക്കാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരും ഈ കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാംപിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള

നടപടികൾ സ്വീകരിച്ചുവരികയുമാണ്. അപ്പീലുകൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം രണ്ടാം അഡീഷണൽ ജില്ലാ ജഡ്ജിയെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ അപ്പലേറ്റ് ട്രൈബ്യൂണലായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചുകൊണ്ടുള്ള പരിശോധനയും നടത്താറുണ്ട്. പ്രോസിക്യൂഷൻ നടപടികളും ഫൈൻ അടക്കമുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ചിലയിനം പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുകയും അതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കോഴിയിറച്ചിയിൽ വിഷാംശമുണ്ടെന്നുള്ള സൂചനയുടെ ഭാഗമായി പത്ത് ചിക്കൻസാമ്പിളുകൾ ശേഖരിച്ച് ആന്റിബയോട്ടിക് പരിശോധന നടത്തുകയും രണ്ടെണ്ണത്തിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തുകയും ചെയ്തിരുന്നു. കൃത്രിമ കോഴിമുട്ടയെ സംബന്ധിച്ച് വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ മുട്ടയുടെ സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധന നടത്തുകയും അത് യഥാർത്ഥ കോഴിമുട്ടയാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ ഇനിയും പരിശോധന നടത്തുന്നതാണ്. ഭക്ഷ്യയോഗ്യമല്ലാത്ത മായം കലർന്ന ആഹാരം പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടുതൽ ശക്തമാക്കുന്നതാണ്. പുറത്തുനിന്നുവരുന്ന ആഹാര സാധനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയായതിനാൽ

പരിശോധന കർക്കശമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഈ സർക്കാർ വന്നതിനുശേഷം പരിശോധനാ നടപടികൾ ഊർജ്ജിതപ്പെടുത്തുകയും പിഴ ഈടാക്കുകയും ഗുരുതരമായ ലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്.

(8) സ്പോട്ട് അഡ്മിഷൻ

ശ്രീ. ഹൈബി ഈഡൻ: നിയമങ്ങൾ കാറ്റിൽപറത്തിയും നീറ്റ് അട്ടിമറിച്ചും സ്പോട്ട് അഡ്മിഷൻ നടത്തിയ കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അർഹരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പ്രവേശന നടപടികളിൽ സുതാര്യത ഇല്ലാത്തതിനാൽ സർക്കാരുമായി കരാറൊപ്പിടാത്ത കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിലെ പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി റദ്ദാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ 07.10.2016-ന് പ്രവേശന നടപടികളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനും മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനും അതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനും പ്രവേശന

പരീക്ഷാ കമ്മീഷണറെ ഹൈക്കോടതി ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ കോളേജ് അധികൃതർ നിസ്സഹകരിച്ചതിനാൽ കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്താനോ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പുവരുത്താനോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിച്ചില്ല. കരുണ മെഡിക്കൽ കോളേജ് അധികൃതർ പ്രവേശനം നൽകിയ 70 വിദ്യാർത്ഥികൾ ഉൾപ്പെടെ അർഹരായ 100 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും 30 പേർ ക്രമവിരുദ്ധമായി പ്രവേശനം നേടിയതായി കണ്ടെത്തിയതിനാൽ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി വിശദമായ റിപ്പോർട്ട് ഹൈക്കോടതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ് 10 ലക്ഷം രൂപയും കരുണ മെഡിക്കൽ കോളേജ് 7.45 ലക്ഷം രൂപയും ഫീസ് ഈടാക്കുന്നതിന് സുപ്രീംകോടതിയെ സമീപിച്ച് അനുവാദം നേടിയെങ്കിലും റെഗുലേറ്ററി കമ്മിറ്റി 4.40 ലക്ഷം രൂപ ഫീസിൽ അലോട്ട്മെന്റ് നടത്തണമെന്ന് ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ അവർ ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് വാങ്ങുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഉയർന്ന ഫീസിൽ അഡ്മിഷൻ നടത്തേണ്ടതായി വന്നത്. മെരിറ്റ് സീറ്റിൽ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നേടിക്കൊടുക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) തൊഴിൽ സംരക്ഷണം

ശ്രീ. പുരുഷൻ കടലുണ്ടി: സംസ്ഥാനത്തെ ഫോട്ടോഗ്രാഫി/വീഡിയോ ഗ്രാഫി മേഖലകളിൽ പണിയെടുക്കുന്നവർക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സംസ്ഥാനത്ത് ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലകളിൽ പണിയെടുക്കുന്നവരിൽ തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിലെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഛായാഗ്രഹണ മേഖലയിൽ പണിയെടുക്കുന്നവരെക്കൂടി ക്ഷേമനിധി അംഗത്വത്തിൻ കീഴിൽ കൊണ്ടുവരുന്നതിനും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(10) ദേശീയഗാനം നിരോധിച്ചത് സംബന്ധിച്ച്

ശ്രീ. ഒ. രാജഗോപാൽ: പാലക്കാട് വിക്ടോറിയ കോളേജിൽ ദേശീയഗാനാലാപനം നിരോധിച്ചതു സംബന്ധിച്ച വാർത്ത അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: ഇങ്ങനെ ഒരു നിരോധനം അവിടെ നടന്നിട്ടില്ല. മൈക്കുമായി ബന്ധപ്പെട്ട ന്യൂനതകൾ പരിഹരിച്ച് ദേശീയഗാനം ആലപിക്കാൻ തുടങ്ങിയിട്ടുണ്ട്. ദേശവിരുദ്ധരുടെ കേന്ദ്രമായി വിക്ടോറിയ കോളേജ് ക്യാമ്പസിനെ ചിത്രീകരിക്കാനുള്ള ശ്രമങ്ങളെ ജാഗ്രതയോടെ സർക്കാർ കാണണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : വിവിധ വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിച്ചുവരുന്ന പാലക്കാട് വിക്ടോറിയ കോളേജിൽ രാഷ്ട്രീയ അതിപ്രസരമുണ്ടെന്നുള്ള പരാതി അടിസ്ഥാനരഹിതമാണ്. 2009 മുതൽ കോളേജിലെ പൊതു ഉച്ചഭാഷിണിയിലൂടെ രാവിലെ ദേശീയഗീതവും വൈകുന്നേരം ദേശീയഗാനവും കേൾപ്പിച്ചിരുന്നുവെങ്കിലും ഉച്ചഭാഷിണി സംവിധാനത്തിലെ സാങ്കേതിക തകരാർ നിമിത്തം ഓണാവധിക്കുശേഷം കുറച്ചുദിവസം ഇവ കേൾപ്പിക്കാൻ സാധിച്ചിരുന്നില്ല. സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ഉച്ചഭാഷിണിയിലൂടെ അവ വീണ്ടും കേൾപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ഉച്ചഭാഷിണി സംവിധാനം പൂർണ്ണമായി

പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3(1),(2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

(1) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി II-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## VIII പ്രത്യേക പരാമർശം

<u>സംഗ്രഹം തയ്യാറാക്കുന്നത് സംബന്ധിച്ച്</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല)</u> : നിയമസഭാംഗങ്ങളുടെ പ്രസംഗത്തിന്റെ സംഗ്രഹം തയ്യാറാക്കുമ്പോൾ അതിലെ പ്രധാന പോയിന്റുകൾ വിട്ടുപോകുകയാണ്. പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ സംഗ്രഹത്തിൽ ഉൾപ്പെടുത്തുന്നതിന് അങ്ങ് നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശം നൽകണം.

മി. സ്പീക്കർ : പ്രതിപക്ഷ നേതാവ് വളരെ പ്രധാനപ്പെട്ട കാര്യമാണ് ഉന്നയിച്ചിരിക്കുന്നത്. അംഗങ്ങൾ പ്രധാനമായും ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നുള്ള നിർദ്ദേശം നിയമസഭാ സെക്രട്ടേറിയറ്റിന് നൽകുന്നതാണ്.

## IX ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
(1977,92,98,000 രൂപ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
(277,04,76,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം
(68,11,35,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം
(279,82,57,000 രൂപ)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXI1-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. എസ്. രാജേന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ അനുമോദിക്കുന്നു. മന്ത്രിസ്ഥാനം രാജിവച്ചതിലൂടെ മാതൃകാപരമായ പ്രവർത്തനമാണ് ശ്രീ. ഇ. പി. ജയരാജൻ കാഴ്ചവച്ചിട്ടുള്ളത്. 2007-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് നോട്ടിഫൈ ചെയ്തിട്ടില്ലാത്ത പട്ടയഭൂമികളിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് പാസ്സാക്കിയ നിയമം എല്ലാ സ്ഥലങ്ങളിലും ഒരുപോലെ നടപ്പാക്കുന്നതിന് നടപടി

സ്വീകരിക്കണം. വന്യജീവികളുടെ ആക്രമണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. എച്ച്.എൻ.എൽ. കമ്പനിയുടെ യൂക്കാലിപ്റ്റസ് പ്ലാന്റേഷനെക്കുറിച്ച് പരിശോധന നടത്തണം. ക്ഷീര കർഷകരെ സഹായിക്കുന്നതിനായി കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. ടൂറിസം മേഖലയായ മൂന്നാറിൽ ഫ്ലൈ ഓവർ, ബൈപ്പാസ് തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. റോഡുകളുൾപ്പെടെയുള്ള അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുസംബന്ധിച്ച് പി.ഡബ്ല്യൂ.ഡി/വനം വകുപ്പുകൾ സംയുക്തയോഗം ചേർന്ന് തീരുമാനമെടുക്കുകയും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് മോണിറ്ററിംഗ് നടത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അനിൽ അക്കര</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, അളകപ്പ നഗർ എന്നിവിടങ്ങളിലേയ്ക്ക് പോകാൻ ഗ്രാമപഞ്ചായത്ത് നിർമ്മിച്ചതും ടോൾ കമ്പനികൾ അടച്ചുപൂട്ടിയതുമായ സമാന്തരപാത തുറന്നുകൊടുക്കുന്നതിനും അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ

മണ്ഡലങ്ങളേയും ഒരുപോലെ കാണാതെ മണ്ഡലത്തിന്റെ വിസ്തൃതി, പി.ഡബ്ല്യു.ഡി. റോഡുകളുടെ വ്യാപ്തി എന്നിവ കണക്കിലെടുത്ത് ഫണ്ട് അനുവദിക്കുന്ന രീതി അവലംബിക്കണം. ടോൾ പിരിക്കാതെ മേന്മയേറിയ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി ആർക്കിടെക്ചറൽ വിംഗിൽ മാറ്റം വരുത്താനുള്ള നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ചതുപ്പ് പ്രദേശങ്ങളിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വനാതിർത്തി കൃത്യമായി ഡീമാർക്കേറ്റ് ചെയ്യുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും പ്രത്യേക സംവിധാനമുണ്ടാക്കണം. തെരുവ് നായ്ക്കളുടെ ആക്രമണത്താൽ കന്നുകാലികൾ നഷ്ടപ്പെട്ട ക്ഷീര കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തുടനീളമുള്ള റോഡിന്റെ ശോച്യാവസ്ഥ പരിഹരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കണം. ഭരണാനുമതി ലഭിച്ച

പ്രവൃത്തികൾക്ക് റ്റി.എസ്. ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. മുടങ്ങിക്കിടക്കുന്ന മലയോര ഹൈവേയുടെയും പാലക്കാട്-കോഴിക്കോട് നാഷണൽ ഹൈവേയുടെയും നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മണ്ണാർക്കാട് ബൈപ്പാസിന്റെയും ടൗണിന്റെയും വികസന പദ്ധതികൾക്ക് MORTH-ൽ നിന്നും അംഗീകാരം ലഭ്യമാക്കി പണം അനുവദിപ്പിക്കുന്നതിനുള്ള ശ്രമം നടത്തണം. പാലങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കണം. മണ്ണാർക്കാടും പരിസരത്തും വർദ്ധിച്ചുവരുന്ന കാട്ടാന ശല്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. റബ്ബർ ബുള്ളറ്റ് ഉപയോഗിച്ച് കാട്ടാനയെ തുരത്തുന്നതിന് വനം വകുപ്പുദ്യോഗസ്ഥർക്ക് അനുമതി നൽകണം.

<u>ശ്രീ. സി. കെ. നാണു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും ഗതാഗതയോഗ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ റോഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ തുക അനുവദിക്കണം. വനങ്ങൾ, നദികൾ, കുന്നുകൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. നദികളിലെ മാലിന്യം നിർമ്മാർജ്ജനംചെയ്ത് കുടിവെള്ളപ്രശ്നത്തിന് പരിഹാരം കണ്ടെത്തണം.

<u>ശ്രീ. എൻ. വിജയൻ പിള്ള</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് യാത്രാക്ലേശത്തിന് പരിഹാരം കണ്ടെത്തണം. പി.ഡബ്ല്യു.ഡി. യുടേതല്ലാത്തതും ഗ്രാമപഞ്ചായത്തുകൾക്ക് പണി പൂർത്തിയാക്കാൻ കഴിയാത്തതുമായ റോഡുകൾക്കായി നോൺപ്ലാനിൽ അധികതുക വകയിരുത്തണം. അഴിമതിരഹിതമായ പി.ഡബ്ല്യു.ഡി. വകുപ്പ് എന്ന കേരളജനതയുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡുകളുടെ വികസനത്തിലൂടെയാണ് സംസ്ഥാനത്തിന്റെ പുരോഗതി ലോകം മുഴുവനും ശ്രദ്ധിക്കുന്നത്. സംസ്ഥാനത്തെ റോഡുകൾ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണെങ്കിലും നിലവിലെ റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാതെ ഇത് എങ്ങനെ പ്രാവർത്തികമാകുമെന്ന ആശങ്ക നിലനിൽക്കുകയാണ്. പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും അധിക ഫണ്ട് വകയിരുത്തി റോഡുകൾ നവീകരിക്കുന്നതിനും റോഡ് വികസനത്തിനായി ഭൂമി വിട്ടുതരാൻ

താൽപ്പര്യമുള്ളവരിൽനിന്നും നെഗോഷ്യബിൾ പർച്ചേസ് ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമി വിട്ടുനൽകിയവർക്ക് അർഹമായ തുക നൽകുന്നതിനും നടപടി സ്വീകരിക്കണം. പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനും റബ്ബറൈസ്ഡ് ടാറിംഗ് വ്യാപകമാക്കുന്നതിനും സാധിക്കണം. ചതുപ്പുനിലങ്ങളിൽ കയർ ഉപയോഗിച്ചുകൊണ്ടുള്ള ടാറിംഗ് വ്യാപകമാക്കണം. പകർച്ചവ്യാധി പടർന്നുപിടിക്കുന്ന സാഹചര്യം കണക്കിലെടുത്ത് മൃഗഡോക്ടർമാരുടെ സേവനം ഗ്രാമപ്രദേശങ്ങളിൽക്കൂടി ലഭ്യമാക്കണം. കാലിത്തീറ്റയുടെ വില വർദ്ധനവിനനുസരിച്ച് സബ്സിഡിയുടെ പരിധി ഉയർത്തണം. ക്ഷീരരംഗത്ത് പുതുതായി കടന്നുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വകുപ്പുമന്ത്രി സ്വീകരിക്കുന്ന നിലപാടുകളെ സ്വാഗതം ചെയ്യുന്നു. ഭൂമിയേറ്റെടുക്കൽ നടപടികളുൾപ്പെടെ ദേശീയപാതാ വികസനത്തിനായി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന സമീപനങ്ങൾ അഭിമാനാർഹമാണ്. മലയോര -തീരദേശ ഹൈവേ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമെന്നത് ഏറെ പ്രതീക്ഷ നൽകുന്നതാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന്

മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചതും ശബരിമല സീസണ് മുമ്പുതന്നെ ബന്ധപ്പെട്ട റോഡുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നിലപാടും ടോൾ പിരിവ് നടത്തില്ലെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. പൊതുമരാമത്ത് രംഗത്ത് ക്രിയാത്മകമായ നിരവധി പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസന സാധ്യതകൾ വർദ്ധിപ്പിക്കുന്ന നിരവധി റോഡുകളും പാലങ്ങളും ബൈപ്പാസുകളും യാഥാർത്ഥ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. റോഡുകളിൽ കുഴികൾ രൂപപ്പെടുമ്പോൾത്തന്നെ മെയിന്റനൻസ് നടത്താനുള്ള സംവിധാനമുണ്ടാകണം. റോഡുകളുടെ നിർമ്മാണത്തിൽ കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. പരമാവധി റോഡുകൾ ബി.എം.&ബി.സി. ആക്കാൻ കഴിയണം. റോഡ് നിർമ്മാണത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ക്വാണ്ടിറ്റിയും ക്വാളിറ്റിയും കൃത്യമായി പാലിക്കപ്പെടുന്ന അവസ്ഥയുണ്ടാക്കണം. റോഡ് നിർമ്മാണത്തിൽ കാനകൾ നിർബന്ധമാക്കണം. ഗ്രാമീണ റോഡുകൾക്ക് പണം നീക്കിവയ്ക്കുന്ന പദ്ധതി വീണ്ടും ആരംഭിക്കണം. ഹൈവേയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം. പി.ഡബ്ല്യു.ഡി. സിവിൽ, ഇലക്ട്രിക് വിഭാഗങ്ങളുടെ ഏകോപനത്തോടെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചയുടൻ കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ നടത്താനുള്ള നടപടിയുണ്ടാകണം. പാലിയക്കര ടോളുമായി

ബന്ധപ്പെട്ട കരാറിലെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും ടോളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും സത്വര നടപടി സ്വീകരിക്കണം. കേരളത്തിന്റെ വനപ്രദേശത്തിലൂടെ പറമ്പിക്കുളത്തേയ്ക്ക് പോകാനുള്ള ബദൽ പാതയൊരുക്കണം. പെരിങ്ങൽക്കുത്ത് ഡാമിൽ നടത്തിയിരുന്ന ബോട്ടിംഗ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനും അവരുടെ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകുന്നതിനും നടപടിയുണ്ടാകണം. ചാലക്കുടി നിയോജകമണ്ഡലത്തിലെ കണ്ണൻകുഴി പട്ടികജാതി കോളനി നിവാസികളുടെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട വിഷയത്തിന് പരിഹാരം കാണണം. വന്യജീവികളുടെ ശല്യം തടയാൻ നടപടി സ്വീകരിക്കണം. ചാലക്കുടിയിൽ വന്യജീവിശല്യം തടയുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമിനെ അനുവദിക്കണം. ചാലക്കുടിയിൽ നിർദ്ദിഷ്ട 15 ഏക്കർ സ്ഥലത്ത് ആധുനിക പോത്തിറച്ചി സംസ്കരണ ഫാക്ടറി തുടങ്ങാൻ നടപടി സ്വീകരിക്കണം. കാലിത്തീറ്റയുടെ വില വർദ്ധനവിനനുസരിച്ച് സബ്സിഡിയുടെ പരിധി ഉയർത്തണം. ക്ഷീര കർഷകർക്കുള്ള പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. ക്ഷീരമേഖലയിലെ ജീവനക്കാർക്ക് ആവശ്യമായ ആനുകൂല്യങ്ങൾ നൽകാൻ നടപടിയുണ്ടാകണം. മിൽമയിലെ നിയമനങ്ങളിൽ പ്രാഥമിക ക്ഷീര സംഘങ്ങളിലെ ജീവനക്കാർക്ക് കൂടുതൽ പ്രാതിനിധ്യം നൽകണം. കുളമ്പ് രോഗം

ബാധിച്ച് ചത്ത കന്നുകാലികളുടെ ഉടമസ്ഥർക്ക് മുൻസർക്കാർ പ്രഖ്യാപിച്ച 40,000 രൂപ നൽകാനും ഗുണമേന്മയുള്ള പാൽ, മുട്ട എന്നിവ വിതരണം ചെയ്യാനും നടപടിയുണ്ടാകണം.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. പെരുമ്പാവൂർ മണ്ഡലത്തിലെ ബൈപ്പാസിനുവേണ്ടി പ്രാഥമികഘട്ടത്തിൽ 43 കോടി രൂപ ആവശ്യമായിരിക്കെ അനുവദിച്ചത് 20 കോടി രൂപ മാത്രമാണ്. മൃഗസംരക്ഷണ വകുപ്പിന് 290 കോടി രൂപയും ക്ഷീരവികസന വകുപ്പിന് 90 കോടി രൂപയും മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നൂതന പദ്ധതി പ്രഖ്യാപിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കൂടുതൽ സഹായം നൽകി ക്ഷീര മേഖലയെ വിപുലപ്പെടുത്തണം. കന്നുകാലി വളർത്തൽ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. മുൻ ക്ഷീര വികസന മന്ത്രിമാരുടെയും ക്ഷീരകർഷകരുടെയും യോഗം വിളിക്കണം. കാലിത്തീറ്റയുടെ വില അടിക്കടി വർദ്ധിപ്പിക്കുന്ന സ്വകാര്യ കമ്പനികളെ നിയന്ത്രിക്കണം. സർക്കാരിന്റെ അനുവാദമില്ലാതെ സ്വകാര്യ കമ്പനികൾ കാലിത്തീറ്റ വില വർദ്ധിപ്പിക്കാൻ പാടില്ലെന്ന നിയമം കൊണ്ടുവരണം. കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി നൽകണം. കേരള ഫീഡ്സിനും മിൽമയ്ക്കും കാലിത്തീറ്റയുടെ വില

നിയന്ത്രിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയും. പുതിയ തലമുറയെയും യുവാക്കളെയും ക്ഷീര മേഖലയിൽ കൊണ്ടുവരാൻ യു.ഡി.എഫ്. സർക്കാർ നടപ്പിൽവരുത്തിയിട്ടുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം, ആരോഗ്യസേവനം, ജലവിതരണം, വൈദ്യുതി, റോഡുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിലൂടെ സന്തുലിത വികസനവും സാമൂഹ്യനീതിയും ഉറപ്പുവരുത്താനാകും. കേരളത്തിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ ആവാസ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ പൊതുഗതാഗത സംവിധാനത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. അനധികൃത കയ്യേറ്റംമൂലം റോഡുകളിൽ ഗതാഗത തടസ്സമുണ്ടാകുകയും വാഹനപ്പെരുപ്പത്താൽ ജനങ്ങൾ സമ്മർദ്ദത്തിലാകുകയും ചെയ്യുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്നതോടൊപ്പം നിലവിലുള്ള റോഡുകളുടെ നവീകരണത്തിനും വികസനത്തിനും നടപടിയുണ്ടാകണം. ഈ രംഗത്ത് വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പ്ലാസ്റ്റിക്, റബ്ബർ മിക്സ് ബിറ്റുമിൻ, ജിയോടെക്സ് തുടങ്ങിയവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന്റെ സാധ്യതയും ആവശ്യകതയും സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനങ്ങളെ അനുമോദിക്കുന്നു. മാരായിമുട്ടം-പാലിയോട് റോഡിൽ പ്ലാസ്റ്റിക്

ഉൾപ്പെടുത്തിക്കൊണ്ട് ടാറിംഗ് നടത്തിയത് ഗുണകരമാണ്. വരുംവർഷങ്ങളിലും ഇത് സ്വീകരിച്ചാൽ റോഡുകളെ സംരക്ഷിക്കാൻ കഴിയും. നിർമ്മാണത്തിലെ അപാകതയും എസ്റ്റിമേറ്റിലെ ന്യൂനതയും മേൽനോട്ടത്തിലെ വീഴ്ചയും അഴിമതിയുമെല്ലാം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. പി.ഡബ്ല്യു.ഡി-യുമായി ബന്ധപ്പെട്ട് 39 കേസുകളാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കപ്പെട്ടത്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡുവഴി  റോഡുകൾ, പാലങ്ങൾ, ബൈപ്പാസുകൾ, ഫ്ലൈ ഓവറുകൾ, റെയിൽവേ മേൽപ്പാലങ്ങൾ, അണ്ടർപാസ്സേജുകൾ എന്നിവ ഏറ്റെടുത്തുപണിയുമെന്ന പ്രഖ്യാപനവും തിരുവനന്തപുരത്ത് ഫ്ലൈ ഓവറുകളുടെ പ്രവർത്തനം ആരംഭിച്ചതും സ്വാഗതാർഹമാണ്. പശ്ചിമഘട്ട മലനിരകൾ വ്യാപകമായി കയ്യേറപ്പെടുകയാണ്. അർഹതയുള്ളവർക്ക് പട്ടയം നൽകാനുള്ള നിയമനടപടികൾ സ്വീകരിക്കുമെന്ന ഗവൺമെന്റ് പ്രഖ്യാപനം പ്രശംസനീയമാണ്. വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന  നാശനഷ്ടം തടയുന്നതിന് നടപടി സ്വീകരിക്കണം. പാൽ, മുട്ട മുതലായവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടിയും  മൃഗസംരക്ഷണ മേഖലയിൽ കൈവരിച്ച നേട്ടങ്ങളും  അഭിമാനാർഹമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: പൊതുമരാമത്ത് വകുപ്പിൽ ചില മാറ്റങ്ങൾക്ക് തുടക്കം

കുറിക്കാൻ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച എല്ലാ റോഡുകളും പണിയുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണെങ്കിലും ആവശ്യത്തിന് ഫണ്ടില്ലാത്ത സാഹചര്യമാണുള്ളത്. ശബരിമലയിൽ അനുബന്ധ റോഡുകൾ പണിയുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഫണ്ടിന്റെ സോഴ്സിനെ സംബന്ധിച്ച് യാതൊന്നും പറഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. വനം വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. ആനശല്യത്തിൽനിന്നും പൂഞ്ഞാറിനെ രക്ഷിക്കാൻ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട പ്രദേശങ്ങളിൽ കമ്പിവേലി നിർമ്മിച്ച് വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കണം.

ശ്രീ. കെ. രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. മിൽമയിലെ അഴിമതിയും ധൂർത്തും ഒഴിവാക്കി മിൽമ സമാഹരിക്കുന്ന പരമാവധി പണം ക്ഷീരകർഷകർക്ക് നൽകാനുള്ള സംവിധാനമുണ്ടാക്കണം. പുനലൂരിൽ സംരംഭക വികസന കേന്ദ്രമാരംഭിച്ചതും ആലത്തൂർ ട്രെയിനിംഗ് സെന്ററിനെ സെന്റർ ഓഫ് എക്സലൻസാക്കിയതും സ്വാഗതാർഹമാണ്. പരിസ്ഥിതിക്ക് നാശം വരുത്താത്ത രീതിയിൽ വനവും വന്യജീവികളെയും സംരക്ഷിക്കുന്നതോടൊപ്പം ആദിവാസി

ഊരുകളിലെ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിനും മനുഷ്യരും വന്യജീവികളുമായുള്ള സംഘർഷവും വനം കയ്യേറ്റവും തടയുന്നതിനും നടപടി സ്വീകരിക്കണം. അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ചീഫ് എഞ്ചിനീയറും നാറ്റ്പാക് പ്രതിനിധിയും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് മലയോര-തീരദേശ ഹൈവേ യാഥാർത്ഥ്യമാക്കാനും ദേശീയ പാതയിലെ പാലങ്ങളിൽ നിലനിന്നിരുന്ന ടോൾ പിരിവ് നിർത്തലാക്കാനും നടപടി സ്വീകരിക്കുന്നതോടൊപ്പം തൃശ്ശൂർ ജില്ലയിലെ പാലിയക്കര ടോൾ പിരിവ് അവസാനിപ്പിക്കാനും തയ്യാറാകണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന പി.ഡബ്ല്യൂ.ഡി.-പഞ്ചായത്ത് റോഡുകൾ ഗതാഗതയോഗ്യമല്ലാതാകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനും റോഡുകളുടെ ക്വാളിറ്റിയും ഗ്യാരന്റിയും ഉറപ്പുവരുത്താനും വീതി കൂട്ടാനും നടപടി സ്വീകരിക്കണം. കെ.എസ്.ടി.പി. റോഡുകളുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി എം.സി.റോഡിലെ പ്രധാനപ്പെട്ട ടൗണുകൾക്ക് ബൈപ്പാസ് നിർമ്മിക്കാനും കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം നേടിയെടുക്കാനും തയ്യാറാകണം. മനുഷ്യ-വന്യജീവി സംഘർഷം അവസാനിപ്പിക്കുന്നതിന്

നയപരമായ തീരുമാനമെടുക്കണം. കാലിത്തീറ്റ വില നിയന്ത്രിക്കാനും മുടങ്ങിക്കിടക്കുന്ന സബ്സിഡി വിതരണം ചെയ്യാനും മുൻകയ്യെടുക്കണം.

ശ്രീ. ജോർജ് എം. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി മലയോര മേഖലയിലെ കൃഷിഭൂമി ജണ്ടയിട്ട് തിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വനത്തിനുള്ളിൽ ആനകൾക്കുള്ള ഭക്ഷണത്തിനായി ഈറ്റ, മുള എന്നിവ വച്ചുപിടിപ്പിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും വനാതിർത്തി മതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ഹിൽ ഹൈവേ, തീരദേശ ഹൈവേ, നാഷണൽ ഹൈവേ എന്നിവ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കണം. പൊതുമരാമത്ത് വകുപ്പിനെ അഴിമതിരഹിതമാക്കാനുള്ള നടപടി അഭിനന്ദനാർഹമാണ്. നിർമ്മാണ മേഖലയിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. റോഡ് നിർമ്മാണത്തിനായി റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാനും പണി പൂർത്തിയായശേഷം റോഡ് കുഴിക്കുന്ന സ്ഥിതി ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശബരിമല അനുബന്ധ റോഡിന്റെ പണി അടിയന്തരമായി പൂർത്തീകരിക്കണം. റോഡിന്റെ

വശങ്ങളിലായി നിർമ്മാണ സാമഗ്രികൾ നിക്ഷേപിച്ച് റോഡ് കയ്യേറുന്ന നടപടി അവസാനിപ്പിക്കണം. വനം വകുപ്പിന് ലഭിക്കുന്ന കേന്ദ്ര ഫണ്ട് കൃത്യമായി ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഭാഗപത്രത്തിന്റെ നിരക്ക് കുറയ്ക്കുന്നതിനുള്ള തീരുമാനമെടുക്കണം. കഴിഞ്ഞ സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ പ്രൈസ് സോഫ്റ്റ്‌വെയർ സംവിധാനം സെക്രട്ടേറിയറ്റിലും ഏർപ്പെടുത്തുന്നതിനും കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി വിവിധ വകുപ്പുകളെ ഭരണപരമായും സാങ്കേതികമായും സുസജ്ജമാക്കേണ്ടതുണ്ട്. റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മിതി വാസ്തുശിൽപ്പ മാതൃകകളാക്കുന്നതിനായി പി.ഡബ്ല്യു.ഡി.-യുടെ ആർക്കിടെക്ചർ വിഭാഗത്തെ സ്ട്രെഗ്ത്തൻ ചെയ്യുന്നതിനും മികച്ച വാസ്തുശിൽപ്പികളുടെ സഹായം തേടുന്നതിനും നിർമ്മിതികളുടെ ഡിസൈനിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നടന്ന അഴിമതി സംബന്ധിച്ച് നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ വസ്തുതാപരമായ അന്വേഷണം നടത്തി സത്യാവസ്ഥ

പുറത്തുകൊണ്ടുവരണം. സ്വാശ്രയ സമരം അവസാനിപ്പിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് പ്രതിപക്ഷം വ്യക്തമാക്കണം. അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ നാലര മാസംകൊണ്ട് ജനവിരുദ്ധമായി മാറിയ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളാണ് സഭ ചർച്ച ചെയ്യുന്നത്. അടിസ്ഥാന സൗകര്യമേഖലയിൽ വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിരുന്നു. ശബരിമലയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും മാന്ദ്യവിരുദ്ധ പാക്കേജും അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. കിഫ്ബിയുടെ ബോർഡിൽ പി.ഡബ്ല്യു.ഡി.-യുടെ ചുമതലയുള്ള മന്ത്രിയെയും സെക്രട്ടറിയെയും ഉൾപ്പെടുത്തണം. വനംമേഖലയിൽ നിലനിൽക്കുന്ന മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും ഇലക്ട്രിക് ഫെൻസിംഗ് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല മേഖലയിൽ നിന്നും ഒഴിവാക്കണം. പാൽ സംഭരണത്തോടൊപ്പം പാലിന്റെ വിലയും വർദ്ധിപ്പിച്ചുനൽകുന്നതിന് കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പാലിന് കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും ക്ഷീരകർഷക പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. മിൽമയെ ശക്തമായ

നിലയിൽ നിലനിർത്തണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ബൃഹത്തായ അടിസ്ഥാന വികസന പ്രസ്ഥാനമായി കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് മാറിയിട്ടുണ്ട്. മണ്ഡലങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ശരിയായ രീതിയിലാണോ നടക്കുന്നതെന്ന് സാമാജികർ വിലയിരുത്തണം. എഞ്ചിനീയർമാർക്കിടയിലെ അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കുണ്ടന്നൂർ, വൈറ്റില എന്നിവയ്ക്കു പുറമെ തിരുവനന്തപുരത്തും നാല് മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതാണ്. ചെലവ് കുറഞ്ഞതും ദീർഘകാലം നിലനിൽക്കുന്നതുമായ നിർമ്മാണങ്ങൾ സംസ്ഥാനത്ത് നടക്കാത്തതെന്തുകൊണ്ടാണെന്നും കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരും അഴിമതിക്കാരായ രാഷ്ട്രീയക്കാരും ചേർന്ന് പദ്ധതിപ്പണം തട്ടിയെടുക്കുന്ന സാഹചര്യം എങ്ങനെയുണ്ടായെന്നും നാം പരിശോധിക്കണം. പൊതുമരാമത്ത് വകുപ്പിലെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കോടിക്കണക്കിന് രൂപയുടെ അഴിമതി അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് സെക്രട്ടറിയായിരുന്ന ടി.ഒ. സൂരജ് ഇറക്കിയ പല ഓർഡറുകളും ഈ സർക്കാർ ഒഴിവാക്കുകയുണ്ടായി. റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുന്നതിനും റോഡ് നിർമ്മാണത്തിന് വേസ്റ്റ്

പ്ലാസ്റ്റിക്, കയർ ജിയോടെക്സ്റ്റ് എന്നിവ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിന് അവർക്ക് പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഔദ്യോഗികാവശ്യത്തിനുള്ള സജ്ജീകരണങ്ങൾ ഉദ്യോഗസ്ഥർക്ക് ഒരുക്കിക്കൊടുക്കുന്നതിന് സർക്കാർ തയ്യാറാണ്. സംസ്ഥാനത്ത് പുതിയ മെയിന്റനൻസ് പോളിസി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുകയാണ്. ടാർ ഉപയോഗത്തിലെ അഴിമതി അന്വേഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള നാഷണൽ ഹൈവേ നാലുവരിയാക്കുന്നതിനുള്ള നടപടികളും സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. റോഡ് കയ്യേറിയുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ എല്ലാ സാമാജികരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.എസ്.ടി.പി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന വൻകിട പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ എസ്.പി.വി.കൾ മുഖേനയാണ് ചെയ്യുന്നത്.

കിഫ്ബി വഴിയുള്ള 320-ഓളം വർക്കുകൾക്ക് എ.എസ്. നൽകിക്കഴിഞ്ഞു. ശബരിമലയിലെ റോഡുകൾക്കായി 89 കോടി രൂപയുടെ പ്രോജക്ട് ക്യാബിനറ്റ് അംഗീകരിച്ചു. 10 കോടി രൂപയിൽതാഴെ ചെലവുവരുന്ന ഗ്രാമീണ റോഡുകളുടെ വർക്കുകൾ ധനകാര്യ വകുപ്പിൽനിന്നും പണം അനുവദിക്കുന്നമുറയ്ക്ക് നടത്തുന്നതാണ്. ഓരോ നിയോജകമണ്ഡലത്തിലെയും പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച 3 കോടി രൂപ പര്യാപ്തമല്ലെങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതാണ്. ആധാരം രജിസ്റ്റർ ചെയ്യുന്ന ഭൂമിയിൽ വീടുണ്ടെങ്കിൽ നിലവിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഒടുക്കുന്ന വീട്ടുകരത്തിന്റെ ആയിരം മടങ്ങ് ഫീസ് ഈടാക്കണമെന്ന ഉത്തരവ് രജിസ്ട്രേഷൻ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ല. കുടുംബസ്വത്ത് ഭാഗം വയ്ക്കുന്നതിലുണ്ടായ രജിസ്ട്രേഷൻ ഫീസ് വർദ്ധന പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കും. മലയോര-നാഷണൽ ഹൈവേകളിലെ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി 5000 കോടി രൂപയുടെ എസ്റ്റിമേറ്റ് എടുത്തുകഴിഞ്ഞു. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിനുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ചർച്ചയ്ക്കിടയിൽ ഭരണ-പ്രതിപക്ഷ അംഗങ്ങളിൽനിന്ന് ഉയർന്നുവന്ന ശ്രദ്ധേയമായ നിർദ്ദേശങ്ങൾക്കനുസൃതമായ സമീപനങ്ങൾ ഈ മേഖലയിൽ സ്വീകരിക്കുന്നതാണ്. മിൽമയെ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ക്ഷീരമേഖലയിലെ ഗവൺമെന്റ് നയത്തെക്കുറിച്ച് മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സാധാരണക്കാരായ ഉപഭോക്താക്കളെ ബാധിക്കാത്ത തരത്തിൽ ക്ഷീരകർഷകർക്കു നൽകുന്ന പാലിന്റെ വിലയിൽ വർദ്ധനവ് വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് മിൽമയുടെ ഭാരവാഹികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംഭരിക്കുന്ന പാലിന്റെ വില നിശ്ചയിക്കാനുള്ള അധികാരം മിൽമയിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള കോടതിവിധിയുള്ളതിനാൽ വില നിശ്ചയിക്കാൻ ഗവൺമെന്റിന് കഴിയില്ല. ക്ഷീരകർഷകന് പ്രയോജനം ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മിൽമയിലെ നിയമനങ്ങളുൾപ്പെടെയുള്ള വിഷയങ്ങളെ സംബന്ധിച്ച് ഉയർന്നുവരുന്ന അഴിമതി ആരോപണങ്ങൾക്ക് പരിഹാരം കാണുകയും വേണം. മിൽമയെ തകർക്കാനുള്ള യാതൊരു സമീപനവും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ നാലുവർഷമായി കേരള ഫീഡ്സ്

ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. പൊതുമേഖലയിൽ കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളാ ഫീഡ്സിന്റെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കേന്ദ്ര ഗവൺമെന്റ് ക്ഷീരമേഖലയെ കൃഷിയായി അംഗീകരിച്ച് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കേണ്ടതാണ്. ഉരുക്കൾക്കായി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതും ഈ വർഷം ഒരു ലക്ഷം കന്നുകാലികളെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഈ വർഷംതന്നെ സ്വീകരിക്കുന്നതാണ്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിലെ നിർദ്ദിഷ്ട മൃഗശാലയെ അന്തർദേശീയ നിലവാരത്തിലാക്കുന്നതോടൊപ്പം തിരുവനന്തപുരം മൃഗശാലാ നവീകരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വന്യമൃഗശല്യം ഒഴിവാക്കുന്നതിനായി സോളാർ ഫെൻസിംഗ്, സ്റ്റീൽ ഉപയോഗിച്ചുള്ള വേലി എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തൊഴിലുറപ്പ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി

വനാതിർത്തികളിൽ ആന ട്രെഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുജന പങ്കാളിത്തത്തോടെ വനാതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിൽ/വാർഡുകളിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ/വാർഡ് മെമ്പറിന്റെ അദ്ധ്യക്ഷതയിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ച് ജനങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം ഏർപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. കൃഷിനാശത്തിന് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വനത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് നൽകിവരുന്ന നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. തർക്കഭൂമിയല്ലാത്തതും സ്വന്തമായി പട്ടയമുള്ളതുമായ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ 28 ഇനം മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1977-നുശേഷമുള്ള മലയോര കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുടിയേറ്റ കർഷകരെ ഒഴിപ്പിക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടില്ല. ഡി.എഫ്.ഒ. മാരുടെ ഒഴിവുകൾ നികത്തുന്നതിനും ചാലക്കുടി മണ്ഡലത്തിൽ പോത്തിറച്ചി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ  നിരാകരിച്ചു.

പൊതുമരാമത്ത്  എന്ന XV-ാം  നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും  ക്ഷീരവികസനം എന്ന  XXXII -ാം നമ്പർ ധനാഭ്യർത്ഥനയും  വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 36-നെതിരെ 72 വോട്ടുകളോടെയും 1 നിഷ്പക്ഷവോട്ടോടെയും  സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 04.59-ന് പിരിഞ്ഞു.)